# അവതാരിക

ഡി. ബാബു പോൾ

തീർഥാടനങ്ങളിലും പെരുന്നാൾക്കൂട്ടങ്ങളിലും എനിക്കു കമ്പമില്ല. എന്നും ദൈവമാതാവിന്റെ മുഖം കണ്ട് ഉറങ്ങുകയും ഉണരുകയും ചെയ്യുന്നവനാണ് ഞാൻ. എത്രയും ദയവുള്ള മാതാവേ എന്ന പ്രാർഥന നൂറുനൂറ്റമ്പതു തവണ ദിവസേന ഉരുക്കഴിക്കും. ആഴ്ചയിൽ മൂന്നുനാലു ദിവസം കൊന്തയിലെ ഇരുപതു രഹസ്യങ്ങളും ധ്യാനിക്കുമ്പോൾ 203 പ്രാവശ്യം നന്മനിറഞ്ഞ മറിയം ചൊല്ലും. എങ്കിലും വേളാങ്കണ്ണിയിലോ മണർകാടോ എനിക്കു പ്രിയപ്പെട്ട വല്ലാർപാടത്തുപോലുമോ തീർഥാടകനായി പോകാറില്ല. സ്വാഭാവികമായും എനിക്കു തീർഥാടനസ്മരണകൾ കുറവാണ്.

പരുമലയിൽ പല തവണ പോയി. അത് ഭാര്യയുടെയും മക്കളുടെയും വിശ്വാസം നഷ്ടപ്പെടാതിരിക്കാനായിരുന്നു. മഞ്ഞനിക്കരയിലും പോയിട്ടുണ്ട്. തീർഥാടകനായിട്ടല്ല. പ്രസംഗകനായി പോവുമ്പോൾ ഖബറിടത്തിൽ പ്രാർഥിക്കും. വിശുദ്ധനാടുകളിൽ പോയതും തീർഥാടകനായിട്ടല്ല, വിനോദസഞ്ചാരിയായിട്ടാണ്.

എന്നുവെച്ച് എനിക്കു ഭക്തി കുറവല്ല. തീർഥാടകരോട് ആദരവ് ഉണ്ടുതാനും. മഞ്ഞിനിക്കരെയിലേക്ക് നടക്കാമെന്നു നേർന്നിട്ട് നേർച്ചയ്ക്കു ഫലംകണ്ട ഒന്നിലധികം പേരെ എനിക്കറിയാം.

എന്നാണ് മനുഷ്യൻ തീഥാടനം തുടങ്ങിയത്? ചരിത്രകാരന്മാർ പറഞ്ഞുതരുന്നത് പുതിയ ലക്ഷ്യം തേടിയല്ല, പഴയ ഉറവിടത്തിലേക്കു മടങ്ങിയാണ് തീർഥയാത്രകൾ തുടങ്ങിയത് എന്നാണ്. ഇടുക്കിയിലെ ഇടമലക്കുടി സങ്കല്പിക്കുക. അല്ലെങ്കിൽ ശബരിഗിരിക്കടുത്ത് ഗവി. അവിടെ മലമുകളിലെ മുത്തപ്പൻതമ്പുരാനെ ആരാധിച്ചു കഴിയുന്ന ഒരു ഗോത്രജൻ. അയാൾ നാടുകാണിമലയിറങ്ങി സമതലജീവിതവുമായി സമരസപ്പെടുന്നു. അവിടെ ഒരു വലിയ പ്രശ്നം നേരിടേണ്ടിവരുന്നു. അതിനു പരിഹാരം ഉണ്ടാക്കാൻ താഴ്വരയിലെ ദൈവത്തിനു കഴിയുന്നില്ല....

അത് അവന്റെ ദൈവമല്ല. അതുകൊണ്ട് അവൻ ഇടമലക്കുടിയിലേക്കു

മടങ്ങുന്നു. മുത്തപ്പൻതമ്പുരാനിൽനിന്ന് ആശ്വാസം പ്രാപിക്കുന്നു. ഇനിമേൽ ആണ്ടിലൊരിക്കൽ വന്നോളാമേ... എന്നു നേരുന്നു. ഇങ്ങനെയാണത്രേ ഉറവിടം തേടിയുള്ള തീർഥയാത്രകൾ തുടങ്ങിയത്. രാജാക്കന്മാരുടെ പുസ്തകത്തിലും (1 രാജാ 20:23) ദൈവത്തിന്റെ പ്രാദേശിക പരിമിതിയെക്കുറിച്ച് നിലനിന്നിരുന്ന വിശ്വാസത്തെപ്പറ്റി സൂചനയുണ്ട്.

ഈ തത്ത്വം ശരിയായാലും തീർഥാടനങ്ങളുടെ സ്വഭാവം ഇന്നത്തേതു മാതിരിയായിട്ട് സഹസ്രാബ്ദങ്ങളായി. ദേവന്മാരുടെ ജന്മഭൂമിയും ദൈവം ഒരു പൂർവപിതാവിനു പ്രത്യക്ഷപ്പെട്ട ഇടവും (മുൾമരമെരിയാതെരിതീതൻ നടുവിൽ മോശ ഈശ്വരനെ കണ്ടതുപോലെയുള്ള തിയോഫനികൾ അടയാളപ്പെടുത്തുന്ന ഇടങ്ങൾ) തീർഥാടനകേന്ദ്രങ്ങളായി. തെബിസിലെ സെക്ട് അമ്മോൻ ഒറക്കിളിനെയും ബുബാസത്തിയിലെ ക്ഷേത്രത്തെയുമാണ് ഈജിപ്ത്തുകാർ അന്വേഷിച്ചതെങ്കിൽ ദെൽഫിയിൽ അപ്പോളോയെയും എപ്പിദൊറോസിൽ അസ്കളെപിയുസിനെയും തേടിയാണ് ഗ്രീക്കുകാർ തീർഥയാത്രകൾ നടത്തിയത്. തെക്കേ അമേരിക്കയിൽ സൂര്യാരാധനയ്ക്കുപോലും നിശ്ചിത തീർഥാടനകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. മെക്സിക്കോയിൽ കെത്തസാൽ ക്ഷേത്രം, പെറുവിൽ കുസ്കോക്ഷേത്രം, ബൊളീവിയയിൽ ടിറ്റിക്കാക്ക.

ഒരു സ്ഥാപകനെയോ പ്രവാചകനെയോ പിൻപറ്റി വളർന്ന മതങ്ങളിൽ തീർഥാടനങ്ങൾ അവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഇടങ്ങളാവുന്നു. മക്കയും മദീനയും കാശിയും യരുശലേമും എല്ലാം ഇങ്ങനെയുള്ള സ്ഥലങ്ങളാണല്ലോ.

രക്തസാക്ഷികൾ പാപമോചനം നല്കുന്ന ഏർപ്പാടിനു സ്തേഫാനോസിനോളം പഴക്കമുണ്ട്. പൗലോസായിരുന്നുവല്ലോ അന്ന് എതിർപക്ഷത്തെ ഒരു പ്രമുഖൻ. ഈ ആൾ ഏറെ വൈകാതെ സ്തേഫാനോസിന്റെ വിശ്വാസത്തിലേക്കു വന്നപ്പോൾ സ്തേഫാനോസിന്റെ പാപമോചനപ്രാർഥന ഫലംകണ്ടതായി അത് വ്യാഖ്യാനിക്കപ്പെട്ടു. പില്ക്കാലരക്തസാക്ഷികളുടെ അന്ത്യവിശ്രമസ്ഥാനങ്ങളും അവർ വധിക്കപ്പെട്ട ഇടങ്ങളും സന്ദർശിക്കുന്നത് രക്ഷാദായകമായ ഒരു മോക്ഷമാർഗമായി അംഗീകരിക്കപ്പെടാൻ പിന്നെ കാലം ഏറെ വേണ്ടിവന്നില്ല. ക്രിസ്തുവിന്റെ പേരിൽ മരണം വരിച്ചവരുടെ പേരിൽ വിശുദ്ധീകരിക്കപ്പെട്ട സ്ഥലങ്ങളിലേക്ക് തീർഥയാത്ര ആകാമെങ്കിൽ അതിനെക്കാൾ എത്രയോ

ഏറെ സ്വീകാര്യമാണ് യേശുക്രിസ്തുവിന്റെ ഖബറിടത്തിലേക്കുള്ള തീർഥാടനം എന്ന യുക്തിചിന്ത ഹെലേനാരാജ്ഞിയെ യരുശലേമിൽ എത്തിച്ചതോടെ വിശുദ്ധനാട് തീർഥാടനലക്ഷ്യമായി.

അർമീനിയന്മാരും പേർഷ്യക്കാരും ഇന്ത്യക്കാരും എത്യോപ്യന്മാരും ബേത്‌ലഹേമിലേക്ക് തീർഥയാത്ര നടത്തിയതായി നാലാംനൂറ്റാണ്ടിൽ എഴുതിയ ഒരു രേഖയെക്കുറിച്ച് ചരിത്രം പറഞ്ഞുതരുന്നുണ്ട്.

സ്വർണനാവുകാരനായ ഇവാനിയോസ് അഥവാ ക്രിസോസ്റ്റം ഈ തീർഥാടനങ്ങളുടെ ഫലദായകസിദ്ധിയെക്കുറിച്ച് വാചാലനായി. ക്രിസോസ്റ്റവും ജറോമും തീർഥാടനങ്ങൾ വ്യാപകമാക്കി. അടുത്ത ഘട്ടത്തിൽ റോം ഉൾപ്പെടെ ഒട്ടനേകം തീർഥാടനകേന്ദ്രങ്ങൾ ഉണ്ടായി. ഒപ്പം തീർഥാടനത്തിൽ പങ്കെടുക്കാനാവാത്തവർ തീർഥാടകരുടെ ചെലവു വഹിക്കുന്നതും വഴിപാടുകൾ കൊടുത്തയയ്ക്കുന്നതും പതിവായി. പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തിലും ഈ രീതി പരാമർശിക്കപ്പെടുന്നുണ്ടല്ലോ.

കൗതുകകരമായ മറ്റൊരു വശം പറയട്ടെ, തീർഥാടനം പ്രോത്സാഹിപ്പിച്ച ജറോമും ക്രിസോസ്റ്റവും തീർഥയാത്രകൾ അതിൽത്തന്നെ രക്ഷാദായകമല്ല എന്നു പറയാൻ നിർബന്ധിതരായി. യെരുശലേമിൽ കുടിയേറുന്നതിനെക്കാൾ പ്രധാനം സ്വന്തം ഗ്രാമത്തിൽ നല്ലവനായി ജീവിക്കുന്നതാണെന്ന് ജറോം പറഞ്ഞു. കടൽ കടക്കുകയോ മരുഭൂമി താണ്ടുകയോ ചെയ്യുകയല്ല, അവനവന്റെ വീട്ടിലിരുന്ന് തീക്ഷ്ണമായി പ്രാർഥിക്കുകയാണ് വേണ്ടത് എന്ന് ക്രിസോസ്റ്റവും തീർഥാടനം നടത്താൻ ക്രിസ്തു പറഞ്ഞിട്ടില്ല എന്ന് നാസിയാൻസിലെ ഗ്രിഗോറിയോസും പറഞ്ഞു. തീർഥാടനങ്ങൾ വഴിതെറ്റി പലരും രോമം കത്രിക്കുന്ന അടിയന്തിരത്തിനു തിന്മയ്ക്കു പോയ യഹൂദയുടെ വഴിയേ പോയി. അപ്പോഴാണ് ഈ പിതാക്കന്മാർ തീർഥാടനങ്ങൾ നിരുത്സാഹപ്പെടുത്തിയത്. തീർഥയാത്രകൾ വിശുദ്ധമായി സംരക്ഷിക്കപ്പെടണം എന്നതാണ് പ്രധാനം. മക്കത്തു പോകുന്നവർ സകല കടങ്ങളും തീർത്ത്, മാപ്പു ചോദിക്കേണ്ടവരോടൊക്കെ മാപ്പു ചോദിച്ച്, മാപ്പു കൊടുക്കേണ്ടവർക്കൊക്കെ മാപ്പു കൊടുത്തു വേണം ഉംറ നിർവഹിക്കാൻ. എല്ലാ തീർഥാടനങ്ങൾക്കും ഈ മനസ്സ് ബാധകമാണ്.

പണ്ട് തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയിൽ ഗബ്രിയേൽ

എന്നൊരു വല്യച്ചൻ ഉണ്ടായിരുന്നു. ഒരു ഈസ്റ്റർപ്രഭാതത്തിൽ അച്ചൻ പ്രസംഗിച്ചത് അരനൂറ്റാണ്ടിലേറെ കഴിഞ്ഞിട്ടും മായാതെ മനസ്സിലുണ്ട്. 'അമ്പതു ദിവസം നോമ്പുനോക്കി. ഇന്ന് ഇനി എങ്ങനെയൊക്കെയാണോ അതു വീടുന്നത്. നോമ്പ് വീടുന്നതിലാണ് നോമ്പുനോക്കിയതിന്റെ ഫലം തെളിയേണ്ടത്.' തീർഥാടനങ്ങളെക്കുറിച്ചും അതു പറയാം.

വിശുദ്ധനാടുകളിലേക്കുള്ള തീർഥാടനങ്ങൾ ഇന്ന് അസാധാരണമല്ല. കത്തോലിക്കർമുതൽ കരിസ്മാറ്റിക് പെന്തക്കോസ്തർ വരെ തീർഥാടകരായി എത്തുന്നു അവിടെ. അതുകൊണ്ടുതന്നെ യാത്രാവിവരണങ്ങളും കുറവല്ല. അവയ്ക്കിടയിൽ ഈ ലഘുകൃതിക്കു സവിശേഷമായ ഒരു സ്ഥാനമുണ്ട്. വെറുതേ ഭംഗി പറയുകല്ല.

ഒന്നാമത്, ഇത് ഒരു കൈപ്പുസ്തകത്തിന്റെ ഗുണംചെയ്യുന്നു. 'ചെരിപ്പിനു ഗ്രിപ്പ് വേണം' എന്ന പ്രസ്താവന ഉദാഹരണം. ഗ്രിപ്പുള്ള ചെരിപ്പ് പെട്ടിയിൽ എടുത്തുവെച്ചു എന്നു പറയുന്നതിന്റെ സ്വാരസ്യം പിടികിട്ടുന്നത് അതിന്റെ കാരണം ലഘുനർമത്തിന്റെ അകമ്പടിയോടെ പിറകേ അവതരിക്കുമ്പോഴാണ്.

രണ്ടാമത്, ഈ കൃതി നല്കുന്ന ഒരു എക്യുമെനിക്കൽ അവബോധം എടുത്തുപറയാതെ വയ്യ. തിരുവത്താഴം, ദിവ്യസംസർഗം, വിശുദ്ധകുർബാന, ഹോളി മാസ് എന്നൊക്കെ പല പേരുകളിൽ അറിയപ്പെടുന്ന പരമോന്നത കൂദാശ സഭകൾ തമ്മിലുള്ള ഐക്യത്തിന്റെ അന്തിമസ്ഥലവും അനന്തരഫലവും എന്നതാണ് വേദശാസ്ത്രത്തിലെ ആർജിതവിജ്ഞാനം. അത് ആദ്യപടിയും ആമുഖവും ആയാൽ സഭൈക്യം സുകരതരമാവും എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. വേദശാസ്ത്രത്തിന്റെ കടുത്ത കടന്നുകയറ്റം മസ്തിഷ്കത്തിന് ആവരണം ചമയ്ക്കാതിരുന്നാൽ ദിവ്യസംസർഗവും വിശുദ്ധകുർബാനയും ഒരേ ദിവ്യാനുഭൂതി പ്രദാനം ചെയ്യും എന്ന് ജോളി അടിമത്രയുടെ അനുഭവവിവരണം തെളിയിക്കുന്നു.

മൂന്നാമത്, സന്ദർശിക്കുന്ന ഓരോ ഇടത്തിലും സംഭവിച്ച സംഗതികളുടെ ചരിത്രസന്ധിയിൽ ഗ്രന്ഥകർത്ത്രിയോടൊപ്പം നില്ക്കുന്നതായി നമുക്കു തോന്നുന്നു. രണ്ടു കല്ലറകളും രണ്ടു പെസഹാമാളികകളും ഉൾപ്പെടെ മതഭേദങ്ങൾ അടയാളപ്പെടുത്തുന്ന പലതും വിശുദ്ധനാട്ടിൽ ഉണ്ട്. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോറ്റിയതിന്റെയും ഏഴപ്പംകൊണ്ട് നാലായിരം പേരെ പോറ്റിയതിന്റെയും വേദശാസ്ത്രമാന

ങ്ങളോ പുൽക്കൂടിന്റെ സ്ഥാനത്തെ നക്ഷത്രാങ്കിതബിന്ദുവിൽ സ്പർശി ക്കണമെങ്കിൽ ഭൂമിയോളം താഴണം എന്ന ദാർശനികപരിപ്രേക്ഷ്യമോ വ്യക്തിഗതമായ ഭക്തിയുടെ തീക്ഷ്ണചാരുതയെ നശിപ്പിക്കാൻ അനു വദിക്കാത്തതുപോലെതന്നെ ഇത്തരം വിവാദങ്ങളെയും ഗ്രന്ഥകർത്ത്രി തീർത്തും ഒഴിവാക്കിയിരിക്കുന്നു. അത് ഈ കൃതിയുടെ ലളിതസൗന്ദര്യ ത്തിനു മാറ്റുകൂട്ടുന്നുമുണ്ട്.

ഒട്ടാകെ ഒരു നല്ല രചന. വാക്കുകൾക്കും വരികൾക്കും ഇടയിൽ ആധ്യാത്മികതയുടെ അദൃശ്യമാനങ്ങൾ അവരവരുടെ ബോധതല ത്തിന്റെ അടിസ്ഥാനത്തിൽ ആഗിരണം ചെയ്യാൻ അനുവാചകനെ അനുവദിക്കുന്ന ശൈലി. ജാടകളില്ലാത്ത ഭാഷ പ്രദാനം ചെയ്യുന്ന ശയ്യാ സുഖം.

പിതൃസഹജമായ വാത്സല്യത്തോടെ ഈ കൃതി സഹൃദയസമക്ഷം അവതരിപ്പിക്കുന്നു.

ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

15.03.2015

ചീരോത്തോട്ടം